## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 07.06.2018-ൽ |
| ചോദ്യം നമ്പർ – 1237 | മറുപടിയ്ക്ക് |

## മാനന്തവാടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ. ആർ. കേളു | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സാമ്പത്തിക വർഷം മാനന്തവാടി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റ പണികൾക്കായി എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) ആകെ 444.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ഒ.ആർ. – 321.50 ലക്ഷം രൂപയും, ആർ.പി. – 123 ലക്ഷം രൂപയുമാണ്. |
| (ബി) അറ്റകുറ്റപണിക്ക് പണം അനുവദിച്ചിട്ടും പണി പൂർത്തിയാകാത്ത റോഡുകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) ഉണ്ട്. 9 പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |
| (സി) ഏതെല്ലാം റോഡുകളിലാണ് അറ്റകുറ്റ പണികൾ നടത്താനുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) അറ്റകുറ്റ പണികൾ നടത്താനുള്ള റോഡുകളുടെ വിശദ വിവരം അനുബന്ധം – I ആയി ചേർക്കുന്നു. |
| (ഡി) മഴക്കാലം തുടങ്ങുന്നതിനു മുന്നോടിയായി റോഡുകളുടെ അറ്റകുറ്റ പണികൾ പൂർത്തീകരിക്കുന്നതിന് മാനന്തവാടി നിയോജക മണ്ഡലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) റോഡുകളുടെ അറ്റകുറ്റ പണികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം അനുബന്ധം – II ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

1. പനമരം എൽ.പി. സ്കൂൾ നീരിട്ടാടി - വിളമ്പുകണ്ടം റോഡ് കി.മീ. 3/000 മുതൽ 4/000 വരെ.
2. മാനന്തവാടി- വിമലാനഗർ - കുളത്താട- വാളാട് എച്ച്.എസ് - പേര്യ റോഡ് കി.മീ. 13/500 മുതൽ 16/000 വരെ.
3. പള്ളിക്കുന്ന് - അഞ്ചുകുന്ന് റോഡ് കി.മീ. 5/000 മുതൽ 10/200 വരെ.
4. പേര്യ-കോറോം റോഡ് കി.മീ. 9/750 മുതൽ 11/500 വരെ.
5. കെല്ലൂർ - ചേര്യംകൊല്ലി- വിളമ്പുകണ്ടം - കമ്പളക്കാട് റോഡ് കി.മീ. 9/000 മുതൽ 14/300 വരെ.
6. ആറാംമൈൽ-കമ്മന-കരിന്തിരിക്കടവ്-മാനന്തവാടി റോഡ് കി.മീ. 2/000 മുതൽ 3/500 വരെ.
7. കാട്ടിക്കുളം-തോൽപ്പെട്ടി റോഡ് കി.മീ. 6/000 മുതൽ 8/000 വരെ.
8. കാട്ടിക്കുളം-തോൽപ്പെട്ടി റോഡ് കി.മീ. 10/200 മുതൽ 15/300 വരെ.
9. മാനന്തവാടി - കണ്ടോത്തുവയൽ റോഡ് കി.മീ. 10/200 മുതൽ 14/300 വരെ.

## അനുബന്ധം - II

1. പനമരം എൽ.പി. സ്കൂൾ നീരിട്ടാടി - വിളമ്പുകണ്ടം റോഡ് കി.മീ. 3/000 മുതൽ 4/000 വരെയുള്ള പ്രവൃത്തി ഇഇ(ഡബ്ല്യു)/06/18-19 തീയതി 19.04.2018 -ന് എഗ്രിമെൻറ് വെച്ച് മെറ്റീരിയൽ കളക്ഷൻ പൂർത്തീകരിച്ചിരുന്നു. എന്നാൽ മഴ മൂലം ടാറിംഗ് പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയാതെ വന്നിരിക്കുന്നു.
2. മാനന്തവാടി- വിമലാനഗർ - കുളത്താട- വാളാട് എച്ച്.എസ് - പേര്യ റോഡ് കി.മീ. 13/500 മുതൽ 16/000 വരെയുള്ള പ്രവൃത്തി ഇഇ(ഡബ്ല്യു)/01/18-19 തീയതി 11.04.2018 -ന് എഗ്രിമെൻറ് വെച്ച് മെറ്റീരിയൽ കളക്ഷൻ പൂർത്തീകരിച്ചിരുന്നു. എന്നാൽ മഴ മൂലം ടാറിംഗ് പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയാതെ വന്നിരിക്കുന്നു.
3. പള്ളിക്കുന്ന് - അഞ്ചുകുന്ന് റോഡ് കി.മീ. 5/000 മുതൽ 10/200 വരെയുള്ള പ്രവൃത്തി ഇഇ(ഡബ്ല്യു)/80/17-18 തീയതി 15.02.2018 -ന് എഗ്രിമെൻറ് വെച്ച് മെറ്റീരിയൽ കളക്ഷൻ പൂർത്തീകരിച്ചിരുന്നു. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്.
4. പേര്യ-കോറോം റോഡ് കി.മീ. 9/750 മുതൽ 11/500 വരെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.
5. കെല്ലൂർ - ചേര്യംകൊല്ലി- വിളമ്പുകണ്ടം - കമ്പളക്കാട് റോഡ് കി.മീ. 9/000 മുതൽ 14/300 വരെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.
6. ആറാംമൈൽ-കമ്മന-കരിന്തിരിക്കടവ്-മാനന്തവാടി റോഡ് കി.മീ. 2/000 മുതൽ 3/500 വരെ ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തിയാണ്. നടപടികൾ പുരോഗമിക്കുന്നു.
7. കാട്ടിക്കുളം-തോൽപ്പെട്ടി റോഡ് കി.മീ. 6/000 മുതൽ 8/000 വരെ സബ്ഡിവിഷൻ ലെവലിൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തിയാണ്. നടപടികൾ പുരോഗമിക്കുന്നു.
8. കാട്ടിക്കുളം-തോൽപ്പെട്ടി റോഡ് കി.മീ. 10/200 മുതൽ 15/300 വരെ സബ്ഡിവിഷൻ ലെവലിൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തിയാണ്. നടപടികൾ പുരോഗമിക്കുന്നു.
9. മാനന്തവാടി - കണ്ടോത്തുവയൽ റോഡ് കി.മീ. 10/200 മുതൽ 14/300 വരെ സബ്ഡിവിഷൻ ലെവലിൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തിയാണ്. നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ